**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1689** **19-09-2025 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി സബ് രജിസ്ട്രാറാഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു രജിസ്ട്രേഷൻ ഐ.ജി. ലഭ്യമാക്കിയ പ്ലാനും, എസ്റ്റിമേറ്റും പരിശോധിക്കുകയും, ബന്ധപ്പെട്ട ശീർഷകത്തിലെ തുക സംബന്ധിച്ച വിവരവും, 2024-25 വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിവരവും ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ ഐ.ജി. യോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 2025-26 ബഡ്ജറ്റിൽ DSoR നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുള്ളതിനാൽ, DSoR-2021 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനായി ജില്ലാ രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ